iii. Artificial Intelligence ഉപയോഗിച്ച് Decision Support System നടപ്പിലാക്കാൻ സാധിക്കും.

d. ഡൈനാമിക്ക് MIS ഡാഷ് ബോർഡ് ആന്റ് ഡിസിഷൻ ടൂൾ:

ഡൈനാമിക്ക് MIS ഡാഷ് ബോർഡിലുള്ള എല്ലാ മോഡ്യൂളുകളും സംയോജിപ്പിച്ച് വിവിധതരം റിപ്പോർട്ടുകൾ ലഭ്യമാക്കാൻ സാധിക്കും.

**കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി**

172(2892) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി എന്ന് മുതലാണ് നിലവിൽ വന്നത് എന്നും നാളിതുവരെ അവർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ട് (2019-ലെ 25)-ലെ 3-ാം വകുപ്പുപ്രകാരം നൽകിയ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ കൊച്ചി കോർപ്പറേഷൻ പരിധിയിലെ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അർബൻ മൊബിലിറ്റി പ്രദേശത്തിനുവേണ്ടി 30-10-2020-ലെ സ.ഉ(അച്ചടി) നമ്പർ 57/2020/ ഗതാഗതം (SRO. No.757/2020) പ്രകാരം കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചു. 1-11-2020 മുതൽ പ്രസ്തുത അതോറിറ്റി പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. 22-1-2021-ൽ ചേർന്ന KMTA-യുടെ പ്രഥമ ബോർഡ് യോഗം കൊച്ചിയിലെ സംയോജിത ഗതാഗത പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയും ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. വൈപ്പിനിൽനിന്നും കൊച്ചിയിലേയ്ക്ക് ബസ്സുകളുടെ പ്രവേശനം സംബന്ധിച്ച് പഠിക്കുന്നതിനായി NATPAC-നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL)-ൽ പ്രവർത്തിച്ചിരുന്ന Urban Mobility Transport Authority (UMTA)-യുടെ തുടർപ്രവർത്തനങ്ങളിൽ ഇപ്പോൾ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ശ്രദ്ധ ചെലുത്തി വരുന്നു. 23.-7-2021-ൽ കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ്‌വർക്ക് (KOMN)-ന്റെ ഉദ്ഘാടനം, യാത്രി ആപ്പിന്റെ പ്രകാശനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചു.

(ബി) പ്രസ്തുത അതോറിറ്റിക്ക് നാളിതുവരെ ലഭ്യമായ ഫണ്ടും പിഴയിനത്തിൽ ഈടാക്കിയ തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 2020-21-ലെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ 2.5 കോടി രൂപ വകയിരുത്തിയിരുന്നു. 29-12-2020-ലെ സ.ഉ.(സാധാ) നമ്പർ 455/2020/ഗതാ. നമ്പർ ഉത്തരവ് പ്രകാരം 44,54,324 രൂപ 5075-60-800-62 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾക്കായി അനുവദിച്ചിട്ടുണ്ട്. അതോറിറ്റി ഇതുവരെ പിഴയിനത്തിൽ യാതൊരു തുകയും സമാഹരിച്ചിട്ടില്ല.

**എടത്വയിൽനിന്നും ഇന്റർസ്റ്റേറ്റ് സർവ്വീസ് ആരംഭിക്കാൻ നടപടി**

173 (2893) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വയിൽനിന്നും അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അയൽ സംസ്ഥാനങ്ങളുമായി രൂപീകരിക്കുന്ന അന്തർ സംസ്ഥാന കരാറുകളിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലെ കരാറുകളിൽ എടത്വ ഡിപ്പോയിൽനിന്ന് അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത ഡിപ്പോയിൽനിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) എടത്വ, ചക്കുളത്തുകാവ് തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൂടുതൽ ബസ് സർവീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ എടത്വ ഡിപ്പോയിൽനിന്നും ചക്കുളത്തുകാവ്, തിരുവല്ല, കോട്ടയം, തൃശ്ശൂർ വഴി ഗുരുവായൂരിലേയ്ക്ക് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പാറശ്ശാല ഡിപ്പോയിൽ നിന്നും തിരുവനന്തപുരം, കൊല്ലം, എടത്വ വഴി ചക്കുളത്തുകാവിലേയ്ക്ക് സർവ്വീസുണ്ട്. കൂടാതെ ആലപ്പുഴ, തിരുവല്ല, എടത്വ, ഹരിപ്പാട് എന്നിവിടങ്ങളിൽനിന്നും ചക്കുളത്തുകാവ് വഴി നിരവധി സർവ്വീസുകൾ ഇപ്പോൾ നടത്തുന്നുണ്ട്. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**പൊതു യാത്രാവാഹനങ്ങളെ ആശ്രയിക്കുന്നതിന് നടപടി**

174 (2894) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു യാത്രാവാഹനങ്ങളെ കൂടുതലായി ആശ്രയിക്കുകയും അപ്രകാരം ഇന്ധനത്തിന്റെ ഉപയോഗവും വാഹനാപകടങ്ങളും കുറയ്ക്കുകയും ചെയ്യുന്നതിനുവേണ്ടി എന്തൊക്കെ പരിപാടികൾ സർക്കാർ നടത്തിവരുന്നുണ്ട്; വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly